# സ്വർഗം തടയുന്ന രണ്ട് കുറ്റങ്ങൾ

عن أنس رضي الله عنه قال: اُسْتُشْهِدَ رَجُلٌ مِنَّا يَوْمَ أُحُدٍ ، فوُجِدَ عَلى بَطْنِه صَخْرَةٌ مَرْبُوطَةٌ مِن الجُوعِ ، فَمَسَحَتْ أُمُّهُ التُّرابَ عَنْ وَجْهِهِ وَقَالَتْ : هَنِيئاً لَكَ يَابُنَيَّ الجَنَّةُ فَقَالَ النَّبِيُّ ﷺ : مَا يُدْرِيكَ؟ لَعَلَّهُ كَانَ يَتَكَلَّمُ فِيمَا لاَيَعْنِيهِ وَيَمْنَعُ مَا لا يَضُرُّهُ

**അനസ്(റ) പറയുന്നു: "ഉഹുദു യുദ്ധത്തിൽ ഞങ്ങളോടൊപ്പമുള്ള ഒരാൾ രക്തസാക്ഷിയായി. വിശപ്പിന്റെ കാഠിന്യത്താൽ അയാൾ വയറ്റത്ത് കല്ല് കെട്ടിവെച്ചതായി കണ്ടു. അയാളുടെ മാതാവ് മകന്റെ മുഖത്തുനിന്ന് മണ്ണ് തുടച്ചുമാറ്റിയ ശേഷം പറഞ്ഞു: 'പൊന്നുമോനേ, സന്തോഷിച്ചുകൊള്ളൂ, നിനക്ക് സ്വർഗമുണ്ട്.' ഇത് കേട്ട പ്രവാചകൻ പറഞ്ഞു: നിങ്ങൾക്കെന്തറിയാം? ഒരുപക്ഷേ അയാൾ ആവശ്യമില്ലാത്ത കാര്യങ്ങൾ സംസാരിച്ചിരിക്കാം, തനിക്ക് ഉപദ്രവകരമല്ലാത്തത് തടഞ്ഞിട്ടുണ്ടാകാം!"***

**വമ്പിച്ച** പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ശ്രേഷ്ഠ കർമമാണ് രക്തസാക്ഷ്യം. വിശ്വാസിയുടെ ജീവിതത്തിൽ അതിനേക്കാൾ മഹത്തരമായ മറ്റൊരു കർമവുമില്ല. ആരാധനകളാവട്ടെ, മറ്റേത് പുണ്യകർമമാവട്ടെ അതൊന്നും രക്തസാക്ഷ്യത്തോളം വരില്ല. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും കൊടുമുടിയാണത്. ജീവിതം തന്ന സ്രഷ്ടാവിനു മുന്നിൽ ജീവന്റെ സമർപ്പണം.

എന്നാൽ രക്തസാക്ഷിത്വം കൊണ്ടും പരിഹരിക്കാൻ കഴിയാത്തതും ദൈവസന്നിധിയിൽ അതീവ ഗൗരവമുള്ളതുമായ ചില തെറ്റുകുറ്റങ്ങളുണ്ട്. ഒരാൾ തന്റെ സംസാരത്തിൽ കാണിച്ച സൂക്ഷ്മതയില്ലായ്മയും സഹജീവികളുമായുള്ള ബന്ധത്തിൽ സ്വീകരിച്ച നിഷേധാത്മക നിലപാടുകളുമാണത്. അല്ലാഹു മനുഷ്യന് നൽകിയ അതിവിശിഷ്ട അനുഗ്രഹമാണ് നാവ്. നല്ല രീതിയിലും അങ്ങേയറ്റം മോശമായ രീതിയിലും അത് ഉപയോഗിക്കാൻ കഴിയും. ഇരുതലമൂർച്ചയുള്ള ആയുധം പോലെയാണത്. നന്മയിൽ ഉപയോഗപ്പെടുത്തി വിജയം വരിക്കാനും തിന്മയിൽ വിനിയോഗിച്ച് നരകത്തിൽ പതിക്കാനും അത് ഇടയാക്കും.

അനാവശ്യ സംസാരത്തെ കുറിച്ചാണ് ഈ ഹദീസിൽ ആദ്യം പറയുന്നത്. ആവശ്യമില്ലാത്ത കാര്യങ്ങൾ സംസാരിക്കുകയെന്നത് പൊതുവെ കാണുന്ന ഒരു ദുശ്ശീലമാണ്. വേണ്ടതും വേണ്ടാത്തതുമൊക്കെ പറഞ്ഞുകൊണ്ടേയിരിക്കും. വാക്കുകളുടെ ഗൗരവത്തെക്കുറിച്ചോ സമൂഹത്തിൽ അതുണ്ടാക്കുന്ന കുഴപ്പങ്ങളെക്കുറിച്ചോ അവർ ആലോചിക്കില്ല. 'പശുക്കൾ നാവുനീട്ടി പുല്ലു തിന്നുന്നതുപോലെ സംസാരിച്ചുകൊണ്ടിരിക്കുന്നവർ' (തിർമിദി, അബൂദാവൂദ്) എന്ന് പ്രവാചകൻ ഇത്തരക്കാരെ വിശേഷിപ്പിച്ചിട്ടുണ്ട്.

അനാവശ്യ സംസാരം സ്വയം ഒരു തിന്മയാണോ എന്ന് ചോദിച്ചേക്കാം. ഇസ്‌ലാം വിലക്കിയ നിരവധി തിന്മകളിലേക്ക് തുറക്കുന്ന കവാടമാണത്. വായാടികളും സംസാരപ്രിയരുമായ ആളുകളുടെ നാവുകൾ കെട്ടഴിച്ചുവിട്ട മൃഗത്തെ പോലെയാണ്. സർവ പറമ്പുകളിലും അത് മേഞ്ഞു നടക്കും. പരിഹാസം, പരനിന്ദ, ഏഷണി, പരദൂഷണം തുടങ്ങി എല്ലാ തിന്മകളും സങ്കോചമില്ലാതെ അവർ ചെയ്തുകൊണ്ടിരിക്കും. 'മൗനമവലംബിച്ചവൻ രക്ഷപ്പെട്ടു' (തിർമിദി, ത്വബറാനി) എന്ന് നബി(സ) പറയാനുള്ള കാരണവും ഇതത്രെ!

ഒരിക്കൽ ഒരാൾ പ്രവാചകന്റെ അടുക്കൽ വന്ന് നിർത്താതെ സംസാരിച്ചുകൊണ്ടിരുന്നു. അയാളുടെ സംസാരത്തിൽ കടുത്ത അതൃപ്തി തോന്നിയ നബി(സ) ചോദിച്ചു: 'താങ്കളുടെ നാവിന് എത്ര മറകളാണുള്ളത്?' അയാൾ പറഞ്ഞു: 'എന്റെ രണ്ടു ചുണ്ടുകളും പല്ലുകളുമുണ്ട്.' നബി(സ) ചോദിച്ചു: 'എന്നിട്ട്, ആ ചുണ്ടുകൾക്കും പല്ലുകൾക്കും താങ്കളുടെ അനിയന്ത്രിതമായ സംസാരത്തെ തടുത്തുനിർത്താൻ കഴിയാത്തതെന്താണ്?' (ഇബ്നു അബിദ്ദുൻയാ). 'അന്ത്യനാളിൽ എനിക്കേറ്റവും വെറുപ്പുള്ളവരും എന്നിൽനിന്ന് വിദൂരസ്ഥരുമായ ആളുകൾ വായാടികളും കൃത്രിമത്വം കലർത്തി അഹങ്കാരത്തോടെ വർത്തമാനം പറയുന്നവരുമായിരിക്കും' (ബൈഹഖി) എന്ന് പ്രവാചകൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഇതുപോലെ വെറുക്കപ്പെട്ട മറ്റൊരു ദുശ്ശീലമാണ് ജനോപകാരപ്രദമായ പ്രവർത്തനങ്ങളിൽനിന്ന് മാറിനിൽക്കുക എന്നത്. ഇസ്‌ലാം മനുഷ്യനെ പഠിപ്പിക്കുന്ന പ്രാഥമിക പാഠങ്ങളിൽ പ്രധാനമാണ് സ്രഷ്ടാവിനെ പോലെ സൃഷ്ടികളെയും സ്നേഹിക്കുക എന്നത്. ആരാധനകളും മറ്റു അനുഷ്ഠാനമുറകളും വ്യക്തിയെ അല്ലാഹുവിലേക്കെന്ന പോലെ അവന്റെ സൃഷ്ടികളിലേക്കും അടുപ്പിക്കേണ്ടതുണ്ട്. സമസൃഷ്ടി സ്നേഹത്തിന് പ്രേരണ നൽകാത്ത അനുഷ്ഠാനങ്ങൾ സ്വന്തത്തിനുതന്നെ നാശമാണെന്ന് ഖുർആൻ (107: 7) ഉണർത്തിയിട്ടുണ്ട്.

'തനിക്ക് ഉപദ്രവകരമല്ലാത്ത ഒരു കാര്യത്തെ വിലക്കുക' എന്നാണ് ഹദീസിലെ പ്രയോഗം. അതിനർഥം മറ്റുള്ളവർക്ക് ചെയ്തുകൊടുക്കുന്നതുമൂലം തനിക്ക് യാതൊരു നഷ്ടവും വരുത്താത്തതും തന്റെ സമ്പത്തിൽ ഒരുവിധ കുറവും ഉണ്ടാക്കാത്തതുമായ ചെറിയ ചെറിയ ഉപകാരങ്ങളാണ്. സാമൂഹിക ജീവിതത്തിൽ ഈ ഉപകാരങ്ങൾക്ക് അവ നിസ്സാരമാണെങ്കിൽപോലും വലിയ പ്രാധാന്യമുണ്ട്. വ്യക്തികൾ തമ്മിലുള്ള പരസ്പര ബന്ധങ്ങൾ ഊഷ്മളവും കെട്ടുറപ്പുള്ളതുമാക്കി നിലനിർത്തുന്നത്, നിസ്സാരമെന്ന് കരുതപ്പെടുന്ന ഇത്തരം കാര്യങ്ങളായിരിക്കും.

ചെറിയ ഉപകാരങ്ങൾ പോലും അന്യർക്ക് ചെയ്തുകൊടുക്കാൻ കൂട്ടാക്കാതെ, സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുന്നവർ എത്രയധികം ആരാധനകൾ നിർവഹിച്ചാലും ദൈവകാരുണ്യത്തിനോ അനുഗ്രഹങ്ങൾക്കോ അർഹരല്ലെന്നുള്ള ശക്തമായ താക്കീതാണ് ഈ നബിവചനം നൽകുന്നത്. രക്തസാക്ഷികൾക്കുപോലും രക്ഷയില്ലെങ്കിൽ മറ്റുള്ളവരുടെ സ്ഥിതി എന്തായിരിക്കും! ■

**ജഅ്ഫർ എളമ്പിലാക്കോട്**

ഇമാം ഇബ്നു അബിദ്ദുൻയാ, അബൂയഅ്ലാ തുടങ്ങിയവർ ഇതേ പദങ്ങളോടെയും, ഇമാം തിർമിദി ചെറിയ വ്യത്യാസങ്ങളോടെയും ഈ നബിവചനം ഉദ്ധരിച്ചിരിക്കുന്നു. പ്രമുഖ ഹദീസ് പണ്ഡിതൻ നാസിറുദ്ദീൻ അൽബാനി അദ്ദേഹത്തിന്റെ *സ്വഹീഹുത്തർഗീബു വത്തർഹീബിൽ* ഇത് എടുത്തുചേർക്കുകയും ഹദീസ് 'ഹസനുൻ ലിഗൈരിഹി' ആണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു (*സ്വഹീഹുത്തർഗീബു വത്തർഹീബ്*, ഹദീസ് നമ്പർ 2883).